"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ്-ചാത്തന്നൂർ-പറവൂർ റോഡ്, പറവൂർ-പാരിപ്പള്ളി റോഡ്, പറവൂർ-പൊഴിക്കര റോഡ് എന്നീ റോഡുകളിൽ AMRUT പദ്ധതി മൂലം കേടുപാടുകൾ വന്ന ഭാഗങ്ങൾ പൂർവ്വസ്ഥിതിയിലാക്കൽ- ഭരണാനുമതി (Administrative Sanction) നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.443/2024/PWD തീയതി,തിരുവനന്തപുരം, 06-04-2024

---

പരാമർശം:-

1. സ.ഉ.(സാധാ.) നം.986/2021/പൊമവ തീയതി 09.11.2021
2. സ.ഉ.(കൈ.) നം. 11/2023/പൊമവ തീയതി 14.02.2023
3. ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറുടെ 13.12.2023, 21.03.2024 തീയതികളിലെ CEPWD/21911/2023-DB2 (W)-NH നമ്പർ കത്തുകൾ

**ഉത്തരവ്**

ചാത്തന്നൂർ-പറവൂർ റോഡ് (ചെയിനേജ് 4/845-7/500), പറവൂർ ജംഗ്ഷൻ, പറവൂർ-പാരിപ്പള്ളി റോഡ് (ചെയിനേജ് 0/000-1/770), പറവൂർ-പൊഴിക്കര റോഡ് (ചെയിനേജ് 0/000-2/320) എന്നീ റോഡുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ AMRUT പദ്ധതി നടപ്പാക്കിയത് മൂലം കേടുപാടുകൾ വന്ന ഭാഗങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള തുക കേരള വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുള്ളതായും, നിലവിൽ ഈ റോഡിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം CRIF പ്രവൃത്തി നടത്തി വരുന്നതിനാൽ പരാമർശം 1, 2 ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ഡെപ്പോസിറ്റ് തുക ഉപയോഗിച്ച് കേടുപാടുകൾ വന്ന ഭാഗങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് 89,90,000/- രൂപയുടെ ഭരണാനുമതി നൽകണമെന്ന് പരാമർശിത കത്തുകൾ പ്രകാരം ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം നടത്തി വരുന്ന CRIF പ്രവൃത്തിയോടൊപ്പം പരാമർശം 1, 2 ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി,

ചാത്തന്നൂർ-പറവൂർ റോഡ് (ചെയിനേജ് 4/845-7/500), പറവൂർ ജംഗ്ഷൻ, പറവൂർ-പാരിപ്പള്ളി റോഡ് (ചെയിനേജ് 0/000-1/770), പറവൂർ-പൊഴിക്കര റോഡ്(ചെയിനേജ് 0/000-2/320) എന്നീ റോഡുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ AMRUT പദ്ധതി നടപ്പാക്കിയത് മൂലം കേടുപാടുകൾ വന്ന ഭാഗങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് 89,90,000/- (എൺപത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറായിരം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത തുക 8443-00-108-PW Deposit എന്ന ശീർഷകത്തിൽ നിന്നും ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീദേവി ഇ എസ്

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം , തിരുവനന്തപുരം

എക്സി.എഞ്ചിനീയർ (ദേശീയപാതാ) പൊതുമരാമത്ത് വകുപ്പ്, കൊല്ലം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്)/(എ ആന്റ് ഇ), തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി ആർ ഡി

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Chithralekha v v

സെക്ഷൻ ഓഫീസർ

Date: 08-04-2024 11:04:03